LIBRARY ARCHIVES Kerala Legislative Assembly

കൽപ്പറ്റ നിയോജകമണ്ഡലത്തിലെ ശുദ്ധജല വിതരണ പദ്ധതി

172 (4975) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൽപ്പറ്റ നിയോജകമണ്ഡലത്തിലെ തരിയോട്, പൊഴുതന, കോട്ടത്തറ, വെങ്ങപ്പള്ളി, പടിഞ്ഞാറേത്തറ പഞ്ചായത്തുകളിലേക്കുള്ള ശുദ്ധജല വിതരണ പദ്ധതിയുടെ ഒന്നാംഘട്ടം എസ്. എൽ എസ്. കമ്മിറ്റി അംഗീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ പകർപ്പ് നൽകുമോ ?

ഉത്തരം

(എ) എൻ.ആർ.ഡി.ഡബ്ല്യു.പി. വിഭാഗത്തിൽപ്പെടുത്തി വയനാട് ജില്ലയിലെ തരിയോട്, പൊഴുതന, കോട്ടത്തറ, വെങ്ങപ്പള്ളി, പടിഞ്ഞാറേത്തറ പഞ്ചായത്തുകൾക്കുവേണ്ടിയുള്ള സമഗ്ര ശുദ്ധജലവിതരണ പദ്ധതിയുടെ ഒന്നാം ഘട്ടത്തിന് എസ്.എൽ.എസ്.എസ്.സി.-യുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇതുപ്രകാരം 23-1-2014-ൽ ഭരണാനുമതിയും നൽകിയിട്ടുണ്ട്. പദ്ധതിയുടെ കിണർ, പമ്പ് ഹൗസ്, ശുദ്ധീകരണശാല എന്നിവയുടെ പ്രവൃത്തികൾ ടെണ്ടർ ചെയ്തു. മറ്റ് ഘടകങ്ങളുടെ പ്രവൃത്തികൾ ടെണ്ടർ ചെയ്യാനുള്ള നടപടികൾനടന്നുവരുന്നു.

(ബി) കേരള വാട്ടർ അതോറിറ്റി 23.01.2014 ലെ KWA/HO/WN-1/KKD-608/02 Vol.V ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

എടവനക്കാട് ശുദ്ധജല സംഭരണി

173 (4976) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജിഡ ഫണ്ട് ഉപയോഗിച്ച് നിർമ്മാണം പൂർത്തിയായിവരുന്ന എടവനക്കാട് ശുദ്ധജല സംഭരണി എന്നത്തേക്ക് കമ്മീഷൻ ചെയ്യാനാകുമെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത ശുദ്ധജല സംഭരണിയുടെ പ്രവർത്തനം ആരംഭിക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങൾ നിലവിലുണ്ടോ ; വിശദമാക്കാമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.